**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1203** **07-02-2023 - ൽ മറുപടിയ്ക്ക്**

**കൊട്ടുവായൂർ ബൈപാസ് റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ മണ്ഡലത്തിലെ കൊട്ടുവായൂർ ബൈപാസ് റോഡ് പ്രവൃത്തി തുടങ്ങുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കൊട്ടുവായൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് വിശദമായ പദ്ധതി രേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചു. KIIFB order No.PWD-003-05-PA-01 dated 09.11.2018 പ്രകാരം 38.2 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതിനായി ആർ.ബി.ഡി.സി.കെ. ജില്ലാ കളക്ടർക്ക് 15.01.2019-ൽ അർത്ഥനാപത്രം സമർപ്പിച്ചു. ഏറ്റെടുക്കേണ്ടതായിട്ടുള്ള ഭൂമിയുടെ അതിർത്തി കല്ലുകൾ സ്ഥാപിക്കുകയും, 29.01.2020-ൽ റവന്യൂ അധികാരികളുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ സാമൂഹ്യ പ്രത്യാഘാത പഠനം പൂർത്തിയാക്കി. അന്തിമ റിപ്പോർട്ട് 25.06.2020-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. സ്ഥലമെടുപ്പ് തഹസിൽദാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ അർത്ഥനാപത്രം 06.02.2021-ൽ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും റവന്യൂ വകുപ്പിന്റെ പുതുക്കിയ ഉത്തരവിനായി പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിട്ടു പോയ സർവ്വെ നമ്പറുകളിലുള്ള സ്ഥലം ഉടമകളെ കേൾക്കുന്നതിനായി എസ്.ഐ.എ. യൂണിറ്റായ YSSO 22.07.2022-ന് കൊട്ടുവായൂർ പഞ്ചായത്ത് ഹാളിൽ പബ്ലിക് ഹിയറിംഗ് നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ 11(1) വിജ്ഞാപനം 30.09.2022-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) | നടപടിക്രമങ്ങൾ എല്ലാം പൂർത്തീകരിച്ച് പ്രസ്തുത റോഡ് പ്രവൃത്തി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് ആർ.ബി.ഡി.സി.കെ. യ്ക്ക് കൈമാറിയ ശേഷം |

| | | | |
|---|---|---|---|
| | | | ബൈപ്പാസിന്റെ നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ